


# S.C.V.H.S.S. KOTTANAD

# ACADEMIC

# MASTERPLAN

# ആമുഖം

സംസ്ഥാന സർക്കാർ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വിദ്യാലയങ്ങളുടെ സമഗ്രമായ ഉയർച്ചയ്ക്കുവേണ്ടി അഞ്ച് വർഷത്തേക്കുള്ള പദ്ധതികളാണ് അക്കാദമിക മാസ്റ്റർ പ്ലാനിലൂടെ ആസൂത്രണം ചെയ്യുന്നത് ഈ പദ്ധതിയിലൂടെ വിദ്യാലയങ്ങളുടെ അക്കാദമികവും ഭൗതികവുമായ സാഹചര്യങ്ങൾ മെച്ചപ്പെട്ട് ഉന്നതനില വാരത്തിലെത്തുമെന്ന് പ്രത്യാശിക്കുന്നു.

## ശ്രീമതി. സിന്ധു എസ് നായർ
**(HM)**

ഇപ്പോൾ സ്കൂൾ മാനേജരായി

**അഡ്വ: പ്രകാശ് കുമാർ ചരളേലും,**

പി. റ്റി. എ പ്രസിഡന്റായി

**ശ്രീ. മനോജ് കുമാർ പ്രവർത്തിച്ചുവരുന്നു**

## ഭൗതിക സാഹചര്യങ്ങൾ

ആകെ ക്ലാസ് മുറികൾ 25, ലാബ്, ലൈബ്രറി സൗകര്യങ്ങൾ ഹൈസ്കൂൾ വിഭാഗത്തിൽ 7 ഹയർ സെക്കന്ററി വിഭാഗത്തിൽ 2 ഹൈടെക് ക്ലാസ്സ് റൂമുകൾ 2 സ്മാർട്ട് ക്ലാസ് റൂമുകൾ, കുടിവെള്ളം, ടോയ്‌ലറ്റ്, പാചകപ്പുര സൗകര്യങ്ങൾ വിദ്യാലയത്തിനുണ്ട്.

## മികവുകൾ നേട്ടങ്ങൾ

തിരുവല്ല വിദ്യാഭ്യാസ ജില്ലയുടെ കിഴക്കൻ മേഖലയിലാണ് ഈ വിദ്യാലയം സ്ഥിതിചെയ്യുന്നത്. സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന ഈ മേഖലയിൽ മികച്ച പ്രവർത്തനം കാഴ്ച വെയ്ക്കുവാൻ ഈ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്.

എസ്.എസ്.എൽ.സി പരീക്ഷയിൽ 12 വിദ്യാർത്ഥികൾക്ക് മുഴുവൻ വിഷയങ്ങൾക്ക് എ പ്ലസും ഹയർ സെക്കന്ററി പരീക്ഷയിൽ മികച്ച വിജയവും നേടി വരുന്നു. കൂടാതെ എൽ.എസ്.എസ്, യു.എസ്.എസ് പരീക്ഷകളിലും മികച്ച വിജയം കൈവരിക്കാൻ കുട്ടികൾക്ക് സാധിച്ചു. എൽ.എസ്.എസ് 5 വിദ്യാർത്ഥികൾക്കും യു.എസ്.എസ് 2 വിദ്യാത്ഥികൾക്കും നേടാനായി. ഗണിതശാസ്ത്ര മേളയിൽ ഹൈസ്കൂൾ വിഭാഗത്തിൽ ഒന്നാം സ്ഥാനം, ശാസ്ത്രമേള, ഗണിതശാസ്ത്രമേള, സാമൂഹ്യശാസ്ത്രമേള ഇവയിൽ ഹയർ സെക്കന്ററി വിഭാഗത്തിൽ സബ് ജില്ലയിൽ ഒന്നാം സ്ഥാനവും നേടി. പ്രവൃത്തി പരിചയ മേളയിൽ 2 –ാം സ്ഥാനം ലഭിച്ചു. മേളകൾക്ക് ഹയർസെക്കന്ററി വിഭാഗം ഓവറോൾ നേടി. കലാകായിക മേളകളിൽ സബ് ജില്ലാതലത്തിലും, ജില്ലാ തലത്തിലും മികച്ച നേട്ടം കൈവരിച്ചു. കലോത്സവം സബ് ജില്ലാ തലത്തിൽ എൽ.പി വിഭാഗം ഓവറോൾ നിലനിർത്തി. സബ്ജില്ലാ സംസ്കൃതോത്സവത്തിൽ ഒന്നാം സ്ഥാനവും ജില്ലാതലത്തിൽ രണ്ടാം സ്ഥാനവും കൈവരിച്ചു. ഉപജില്ലാ കലോത്സവത്തിൽ ഹയർ സെക്കന്ററി വിഭാഗം 2 –ാം സ്ഥാനവും ഹൈസ്കൂൾ യു.പി വിഭാഗം 3 –ാം സ്ഥാനവും കൈവരിച്ചു.

സംസ്ഥാന സ്കൂൾ കലോത്സവത്തിൽ എച്ച്.എസ്.എസ് വിഭാഗത്തിൽ നിന്നും അക്ഷയ അനിൽ ഓട്ടൻതുള്ളലിനും കരുണ കെ. മോഹനൻ ഉറുദു പദ്യംചൊല്ലലിനും എ ഗ്രെയ്ഡ് കരസ്ഥമാക്കി. കൂടാതെ സംസ്ഥാന പ്രവൃത്തി പരിചയ മേളയിൽ നെവിൻ ജോൺ സാമുവൽ എ ഗ്രെയ്ഡ് നേടി.

വിദ്യാർത്ഥികളുടെ പഠനപിന്നോക്കാവസ്ഥ പരിഹരിക്കാനായി സംസ്ഥാന തലത്തിൽ പദ്ധതികൾ മികച്ച രീതിയിൽ നടന്നുവരുന്നു. വെണ്ണിക്കുളം ഉപജില്ല കലോത്സവം പി.എസ്.സി എക്സാം ഉപജില്ലാതല ശാസ്ത്രോത്സവം തുടങ്ങിയ പരിപാടികൾക്ക് ആതിഥേയത്വം വഹിക്കാൻ ഈ വിദ്യാലയത്തിന് കഴിഞ്ഞു.

കുട്ടികൾ ഉച്ചഭക്ഷണ പരിപാടിയിൽ പങ്കെടുത്തുവരുന്നു. ഈ വിദ്യാലയത്തിൽ എസ്.പി.സി, എൻ.എസ്.എസ്, ലിറ്റിൽ കൈറ്റ്സ് എന്നിവയുടെ ഓരോ യൂണിറ്റുകൾ പ്രവർത്തിച്ചു വരികയും നിരവധി സാമൂഹികക്ഷേമ പരിപാടികളിൽ പങ്കാളികളാക്കുകയും ചെയ്യുന്നു. കുട്ടികളുടെ നേതൃത്വത്തിൽ വിവിധ ക്ലബ്ബുകൾ പ്രവർത്തിച്ചു വരുന്നു.

## നിലവിലെ അവസ്ഥ

ഇപ്പോൾ ഈ വിദ്യാലയത്തിൽ എൽ.പി വിഭാഗത്തിൽ 8 ഡിവിഷനും ഹൈസ്ക്കൂൾ വിഭാഗത്തിൽ 7 ഡിവിഷനും ഹയർസെക്കന്ററി വിഭാഗത്തിൽ സയൻസ്, കൊമേഴ്സ് ബാച്ചുകളും പ്രവർത്തിച്ചു വരുന്നു.

## വിദ്യാർത്ഥികളുടെ എണ്ണം 2025–26

ആറാം അദ്ധ്യായദിനം 10 ജൂൺ 2025

വിദ്യാർത്ഥികളുടെ എണ്ണം (1–10)

| STD | No of Divisions | ആകെ | | | പട്ടികജാതി | | | പട്ടികവർഗ്ഗം | | | മുസ്ലിം | | | മറ്റ് ന്യൂന | | | ഒ.ബി.സി | | | മറ്റുള്ളവ | | | എ.പി.എൽ | | | ബി.പി.എൽ | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ |
| 1 | 2 | 14 | 21 | 35 | 1 | 9 | 10 | 1 | 1 | 1 | 0 | 0 | 0 | 7 | 4 | 11 | 4 | 3 | 7 | 2 | 4 | 6 | 9 | 11 | 20 | 5 | 10 | 15 |
| 2 | 2 | 16 | 19 | 35 | 2 | 6 | 8 | 1 | 0 | 0 | 0 | 0 | 0 | 7 | 9 | 16 | 3 | 2 | 5 | 3 | 2 | 5 | 13 | 15 | 28 | 3 | 4 | 7 |
| 3 | 2 | 19 | 20 | 39 | 4 | 4 | 8 | 0 | 0 | 0 | 0 | 0 | 0 | 5 | 6 | 11 | 6 | 8 | 14 | 4 | 2 | 6 | 4 | 5 | 9 | 15 | 15 | 30 |
| 4 | 2 | 11 | 23 | 34 | 1 | 4 | 5 | 4 | 1 | 1 | 0 | 0 | 0 | 4 | 6 | 10 | 4 | 5 | 9 | 2 | 7 | 9 | 3 | 8 | 11 | 8 | 15 | 23 |
| 5 | 3 | 28 | 35 | 63 | 5 | 5 | 10 | 0 | 0 | 0 | 0 | 0 | 0 | 13 | 14 | 27 | 7 | 8 | 15 | 3 | 8 | 11 | 3 | 6 | 9 | 25 | 29 | 54 |
| 6 | 2 | 34 | 24 | 58 | 7 | 3 | 10 | 1 | 0 | 0 | 0 | 0 | 0 | 13 | 8 | 21 | 8 | 6 | 14 | 5 | 7 | 12 | 12 | 10 | 22 | 22 | 14 | 36 |
| 7 | 2 | 34 | 24 | 58 | 4 | 1 | 5 | 0 | 0 | 0 | 0 | 0 | 0 | 16 | 10 | 26 | 7 | 8 | 15 | 7 | 5 | 12 | 13 | 12 | 25 | 21 | 12 | 33 |
| 8 | 3 | 29 | 44 | 73 | 5 | 6 | 11 | 0 | 0 | 0 | 0 | 0 | 0 | 12 | 14 | 26 | 7 | 12 | 19 | 5 | 12 | 17 | 6 | 14 | 20 | 23 | 30 | 53 |
| 9 | 2 | 29 | 38 | 67 | 6 | 3 | 9 | 0 | 0 | 0 | 0 | 0 | 0 | 13 | 19 | 32 | 8 | 11 | 19 | 2 | 5 | 7 | 6 | 16 | 22 | 23 | 22 | 45 |
| 10 | | 30 | 43 | 73 | 5 | 6 | 11 | 0 | 0 | 0 | 0 | 0 | 0 | 15 | 17 | 32 | 5 | 8 | 13 | 5 | 12 | 17 | 14 | 21 | 35 | 16 | 22 | 38 |
| ആ | | | | | | | | | 2 | 2 | | | | | | | | | | | | | | | | | | |

# H.S.S വിഭാഗം

| വിദ്യാർത്ഥികളുടെ എണ്ണം ( 11 – 12 ) | | | | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| Standard | No.Of Divisions | ആകെ | | | പട്ടികജാതി | | | പട്ടികവർഗ്ഗം | | | മുസ്ലീം | | | മറ്റ് ന്യൂനപക്ഷം | | | ഒ. ബി. സി | | |
| | | M | F | T | M | F | T | M | F | T | M | F | T | M | F | T | M | F | T |
| XI | | 49 | 46 | 95 | 2 | 10 | 12 | 9 | 12 | 21 | — | — | — | 27 | 18 | 45 | 11 | 6 | 17 |
| XII | | 57 | 33 | 90 | 5 | 4 | 9 | 12 | 9 | 21 | — | — | — | 30 | 12 | 42 | 10 | 8 | 18 |

# നിലവിലുള്ള അദ്ധ്യാപകർ

## എൽ പി വിഭാഗം

1. ജയാ പി. നായർ
2. ആതിരാ  പി. ആർ
3. ചൈതന്യ എസ്. കെ
4. നകുൽ ജെ. ചന്ദ്രൻ
5. കുഞ്ഞിക്കണ്ണൻ ജി
6. ഹരികൃഷ്ണൻ എസ്

## യു പി വിഭാഗം

1. ജയാ ജി. പിള്ള
2. പ്രിയ ചന്ദ്രൻ
3. ജോതി ചന്ദ്രൻ
4. ജോതിലക്ഷമി റ്റി. പി
5. പ്രീത പി
6. സുനിതാ കുമാരി ഇ.എസ്
7. രജിതാ ബാലചന്ദ്രൻ
8. കീർത്തി എസ്
9. അനീഷ് സി

## എച്ച് എസ് വിഭാഗം

1. ദീപ്തി എച്ച്. പി
2. രാധികാദേവി ആർ
3. ശ്രീലത എസ്
4. സി. ഹരിഹരകുമാർ
5. സോണി സുകുമാർ
6. അശ്വതിക്കുട്ടി ഒ. റ്റി
7. സന്ധ്യ എ
8. ഗ്രീഷ്മ എസ്. നായർ
9. സി.എൻ രാജേഷ്
10. ജയദേവ് ജയകുമാർ
11. ഗായത്രി ജി നായർ

## ഹയർ സെക്കന്ററി വിഭാഗം

1. റഷീനാമോൾ ഹമീദ്
2. അശ്വതി വി
3. ശ്രുതിലക്ഷ്മി വി.എസ്
4. അഞ്ജു എം.നമ്പൂതിരി
5. അരുൺ എ
6. വിദ്യാ ജി. നായർ
7. ബീനാറാണി എൽ
8. രമാ രഘുനാഥ്
9. ഹരിജിത്ത് ബേബി
10. ശബരീഷ് എസ്
11. ശ്രീജ ജി
12. ശ്രീജ എൽ

## ഓഫീസ് സ്റ്റാഫ്

1. രാജേഷ് എം (ക്ലാർക്ക്)
2. പ്രസാദ് ആർ (ഒ.എ)
3. വിഷ്ണു എസ്. നായർ (ഒ.എ)
4. ആർജുൻ കെ. ആർ (എഫ്.റ്റി.എം)

# ചരിത്രം

കൊറ്റനാട്, അയിരൂർ, റാന്നി എന്നീ പഞ്ചായത്തുകളുടെ അതിർത്തിയിലാണ് ശ്രീചിത്തിര വിലാസം ഹയർസെക്കന്ററി സ്ക്കൂൾ സ്ഥിതിചെയ്യുന്നത് അര നൂറ്റാണ്ടിന് മുമ്പ് വിദ്യാഭ്യാസപരമായും സാമ്പത്തികമായും പിന്നോക്കാവസ്ഥയിലായിരുന്നു ഈ പ്രദേശം കൊറ്റനാട് എൻ. എസ്. എസ്. കരയോഗാംഗങ്ങളുടെ ദീർഘവീക്ഷണത്തോടുകൂടിയ പ്രവർത്തനത്തിന്റെ ഫലമായി 1954-ൽ ഈ വിദ്യാലയം ശ്രീചിത്തിരവിലാസം മിഡിൽ സ്ക്കൂൾ എന്ന പേരിൽ സ്ഥാപിതമായി 1960-ൽ പ്രൈമറി വിഭാഗം ആരംഭിക്കുകയും 1966-ൽ ഹൈസ്ക്കൂളായി ഉയർത്തപ്പെടുകയും ചെയ്തു 2000-ൽ ഈ സ്ക്കൂളിൽ ഹയർസെക്കന്ററി വിഭാഗം പ്രവർത്തനമാരംഭിക്കകയും 2014-ൽ എയ്ഡഡ് ആകുകയും ചെയ്തു.

# പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം

## പൊതുലക്ഷ്യങ്ങൾ

പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിലൂടെ സാർത്ഥകമാക്കാൻ ഉദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ താഴെപ്പറയുന്നവായണ്

സ്ക്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തും

ഓരോ ഘട്ടം പൂർത്തിയാക്കുമ്പോഴും കുട്ടിനേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച് രക്ഷാകർത്താക്കളടക്കമുള്ള സമൂഹത്തെ അറിയിക്കും

കുട്ടികളുടെ സർഗ്ഗപരവും അക്കാദമിക പരവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് സംസ്ഥാന, ദേശീയ അന്തർദേശീയ തലത്തിൽ ശ്രദ്ധേയമായ പൗരന്മാരെ വളർത്തും

എല്ലാ കുട്ടികൾക്കും മലയാളം ,ഇംഗ്ലീഷ് , ഹിന്ദി, ഭാഷകൾ സംസാരിക്കാനും വായിക്കാനും എഴുതുവാനുമുള്ള കഴിവ് നേടി എന്ന് ഉറപ്പുവരുത്തും

# ഉള്ളടക്കം

1. ആമുഖം
2. ചരിത്രം
3 .പൊതുലക്ഷ്യങ്ങൾ
4. നിലവിലെ അവസ്ഥ
5. വിദ്യാർത്ഥികളുടെ എണ്ണം
6. അദ്ധ്യാപകരുടെ എണ്ണം
7 .മികവുകൾ നേട്ടങ്ങൾ
8. പ്രശ്നങ്ങൾ
9. പദ്ധതികൾ
- ധ്വനി
- ഗണിത കേളി
- മഴനടത്തം
- Sweet English
- ബാലസഭകൾ
- വിജ്ഞാനകൈരളി
- ഗണിതം മധുരം
- സംസ്കൃത വാണി
- Hello English
- Talent Eglish
- കാഴ്ച
- അക്ഷരമധുരം
- എഴുത്താണി
- രക്തദാനം മഹാദാനം
- ജാഗ്രത
- ശാസ്ത്രപഠനം നാടകക്കളരി
- ശാസ്ത്രപഠനം ലാബിലേക്ക്
- മാലിന്യ മുക്തവിദ്യാലയം
- ശലഭോദ്യാനം
- കരുതൽ
- ഹരിതഗ്രാമം
- മുന്നേറ്റം
- ഉണർവ്വ്
- ദർപ്പണം
- സാഫല്യം
- വായിക്കാം വളരാം
- അക്ഷരദീപം
- മീഠി ഹിന്ദി
- ഗണിതം മധുരം
- സമന്വയ
- രസം രസതന്ത്രം
- മുകുളങ്ങൾ
- അമൃതവർഷിണി
- ജലസമൃദ്ധി
- സാമൂഹ്യശാസ്ത്രലാബ്

10. ഉപസംഹാരം

വിദ്യാർത്ഥികളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിനായി വിവിധ സ്ഥലങ്ങളിലേക്ക് സ്കൂൾ ബസുകൾ ഓടുന്നുണ്ട് വിദ്യാർത്ഥികളുടെ പഠനത്തെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കരയോഗം, പൂർവ്വവിദ്യാർത്ഥികൾ, അദ്ധ്യാപകർ എന്നിവർ കാഷ് അവാർഡുകൾ നൽകിവരുന്നു  സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന ധാരാളം കുട്ടികൾ ഈ വിദ്യാലയത്തിൽ പഠിച്ചുവരുന്നു. പഠനത്തിൽ പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന കുട്ടികൾക്കായി ജനുവരി മുതൽ മാർച്ച് വരെ രാത്രികാല ക്ലാസ്സുകൾ നടത്തിവരുന്നു.

ഈ വിദ്യാലയത്തിലെ നിരവധി പൂർവ്വ വിദ്യാർത്ഥികൾ സമൂഹത്തിന്റെ വിവിധ മേഖലകളിൽ സ്തുത്യർഹമായ പ്രവർത്തനങ്ങളിലേർപ്പെട്ടു വരുന്നു ഇനിയും നിരവധി നേട്ടങ്ങൾ നാടിനും സമൂഹത്തിനും നൽകാൻ ഈ വിദ്യാലയത്തിന് കഴിയുമെന്ന് പ്രത്യാശിക്കുന്നു.

# പ്രശ്നങ്ങൾ

പ്രാഥമിക സൗകര്യങ്ങളെല്ലാം ഈ വിദ്യാലയത്തിനുണ്ടെങ്കിലും ചില പ്രശ്നങ്ങൾ നമ്മുടെ വിദ്യാലയം നേരിടുന്നുണ്ട്

1. കുട്ടികൾക്ക് ഉച്ചഭക്ഷണം കഴിക്കുന്നതിനുള്ള ഒരു ഭക്ഷണശാല
2. കായിക മത്സരങ്ങൾ സുഗമമായി നടത്തുന്നതിനായി 400m ട്രാക്കോടുകൂടിയ ഗ്രൗണ്ട്
3. വേനൽക്കാലത്തെ ജലക്ഷാമം പരിഹരിക്കൽ
4. സ്കൂളിനൊരു ചുറ്റുമതിൽ
5. ഗതാഗതസൗകര്യം മെച്ചപ്പെടുത്തൽ
6. ലാബ്- ലൈബ്രറി സൗകര്യം മെച്ചപ്പെടുത്തൽ
7. കാർഷിക പ്രവർത്തനങ്ങൾക്കുള്ള സ്ഥലപരിമിതി
8. കലാകായിക പ്രവർത്തനങ്ങൾക്കുള്ള ഉപകരണങ്ങളുടെ കുറവ്
9. കലാ പഠനത്തിന് പ്രത്യേക മുറി.

# എൽ. പി. തലം

**മേഖല : അക്കാദമികം** **ഉപമേഖല : മലയാളം**

| ലക്ഷ്യങ്ങൾ/ ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **ഭാഷ(മലയാളം)**<br>1. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുക | **ധ്വനി**<br>Pretest<br>•ശ്രദ്ധ, മലയാളത്തിളക്കം<br>•പദകാർഡ് നിർമ്മാണം<br>•വായനാക്കാർഡുകൾ<br>•അക്ഷരചാർട്ട്<br>•കഥാചാർട്ട് | 1 വർഷം | Teacher, Parents, PTA BRC | |
| **ഉപലക്ഷ്യങ്ങൾ**<br>a. അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ<br>b.അക്ഷരങ്ങളും ചിഹ്നങ്ങളും ചേർത്ത്ലഘുവാക്യങ്ങൾ വായിക്കാനും എഴുതാനുമുള്ള കഴിവ് വളർത്തുന്നു. | **കൂട്ടെഴുത്ത്**<br>•കഥാപൂരണം<br>•കവിതാ പൂരണം<br>•സംഭാഷണം<br>•പോസ്റ്റർ<br>•വായനാമരം | 1 വർഷം | | |
| 2.വ്യക്തിഗത വായനയിലും എഴുത്തിലും പ്രാവീണ്യം നേടുക<br>**ഉപലക്ഷ്യങ്ങൾ**<br>a. ക്ലാസിലൊരു ലൈബ്രറി<br>b. കുട്ടികളുടെ അസംബ്ലി<br>c.കുട്ടികളുടെ പതിപ്പുകൾ<br>d.വായനാക്കുറിപ്പ് തയ്യാറാക്കൽ | **തൂലിക**<br>PTA യുടെയും കുട്ടികളുടെയും സഹകരണത്തോടെ പുസ്തകങ്ങൾ ശേഖരിക്കുന്നു.<br>•പാത്രവായന<br>•സർഗാത്മക രചനകളുടെ അവതരണം<br>•ലൈബ്രറിയുടെ ഉപയോഗം<br>•ചുവർ മാസിക, എന്റെ, കൈ പുസ്തകം<br>•ആസ്വാദനക്കുറിപ്പ് | 1 വർഷം | | |
| 3.സർഗാത്മക സൃഷ്ടികൾക്ക് അവസരം നൽകുന്നു<br>**ഉപലക്ഷ്യങ്ങൾ**<br>a.സ്വന്തം ആശയങ്ങൾ വ്യവഹാര രൂപങ്ങളിലൂടെ പ്രകടിപ്പിക്കുക (കഥ, കവിത)<br>b.വിവിധ കലകളിൽ വാസനയുള്ളവരെ കണ്ടെത്തി അതിൽ പ്രാവീണ്യം നേടാൻ പരിശീലിപ്പിക്കുക<br>c.ബാല സഭകൾ അസംബ്ലിഎന്നിവയ്ക്ക് നേതൃത്വം നൽകൽ | •കടങ്കഥപ്പയറ്റ്<br>•കൈയെഴുത്ത് മാസികനിർമ്മാണം<br>•നോട്ടീസ് തയ്യാറാക്കുക<br>•ആശംസാകാർഡ് നിർമ്മാണം<br>•ചുവർ പത്രിക<br>•ബാലസഭ<br>•കുട്ടിക്കൂട്ടം<br>•കുട്ടികളുടെ അസംബ്ലി<br>•ചോദ്യോത്തരപ്പയറ്റ്<br>•ആത്മകഥയെഴുത്ത്<br>•നാടകം<br>•മേനിപറച്ചിൽ | 1 വർഷം<br>4 വർഷം | Resource person, Class techer, Parents, SRG | 1-2 lakhs |

**മേഖല : അക്കാദമികം** **ഉപമേഖല : ഗണിതം**

| ലക്ഷ്യങ്ങൾ/<br>ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **<u>ഗണിതം</u>**<br>**<u>ലക്ഷ്യം</u>**<br>1.ഗണിത പഠനത്തിൽ താല്പര്യം വളർത്തുക | Pretest<br>ഗണിതകേളി<br>ഗണിതപാട്ട്<br>ഗണിതലാബ്<br>പഠനോപകരണനിർമ്മാണം<br>ഗണിതോത്സവം<br>പ്രകൃതി നിരീക്ഷണം<br>മഞ്ചാടി<br>മാത്സ് മാജിക് | 6 വർഷം | Teacher, PTA, SRG BRC | 50000 |
| **<u>ഉപലക്ഷ്യം</u>**<br>ഗണിത പഠനത്തിൽ പിന്നോക്കം നിൽക്കുന്നവരിൽ താല്പര്യം ജനിപ്പിക്കുക<br><br>2.സംഖ്യാബോധം<br>**<u>ഉപലക്ഷ്യം</u>**<br>a. മുഖവില, സ്ഥാനവില ഇവ ഉറപ്പിക്കുക<br>b. സ്ഥാന വിലയനുസരിച്ച് പിരിച്ചെഴുതുക<br>c.ആരോഹണ, അവരോഹണ ക്രമത്തിൽ എഴുതുക<br>d.വലുത് ചെറുത് | സ്ഥാനവില പോക്കറ്റ്<br>അബാക്കസ്<br>ഗണിതകേളി<br>ഈർക്കിൽ<br>മഞ്ചാടി<br>പാറ്റേൺ പൂരിപ്പിക്കൽ<br>കൂട്ടുകാരെ കണ്ടെത്തുക<br>സംഖ്യാ തീവണ്ടി<br>പടികയറാം പടിയിറങ്ങാം<br>കുഞ്ഞനും ഭീമനും | 1 വർഷം | Teacher, PTA, Pear Group | 10,000 |
| 3.ചതുഷ് ക്രിയകളും ഗണിതാശയ രൂപീകരണവും<br>**<u>ഉപലക്ഷ്യങ്ങൾ</u>**<br>a.ദൈനംദിന ജീവിതത്തിലെ പ്രായോഗിക പ്രശ്നങ്ങൾ ചതുഷ് ക്രിയ ഉപയോഗിച്ച് നിർദ്ധാരണം ചെയ്യൽ<br>b.പ്രായോഗിക പ്രശ്നങ്ങൾ അപഗ്രഥിച്ച് നിഗമനത്തിലെത്തി പ്രശ്നപരിഹാരം നടത്തുന്നു<br>c.ചതുഷ് ക്രിയ ചെയ്ത ഗണിതാശയം രൂപീകരിക്കുന്നു<br>d.രൂപങ്ങൾ തിരിച്ചറിയുന്നു | Pretest<br>സംഖ്യാകാർഡ്<br>ഗണിതകേളി<br>ഗണിതകിറ്റ് നിർമ്മാണം<br>ചോദ്യബാങ്ക്<br>ഗണിത കളരി<br>ക്ലാസ്സിലൊരു കട<br>കടകൾ സന്ദർശിക്കുക<br>വിലവിവരപ്പട്ടിക പരിശോധന<br>ഗണിതമരം | 4 വർഷം | Teacher Parents SRG Pear group | 25000 |

**മേഖല : അക്കാദമികം** **ഉപമേഖല : ശാസ്ത്രം**

| ലക്ഷ്യങ്ങൾ/ ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| <u>ശാസ്ത്രം</u><br><u>ലക്ഷ്യം</u><br>1.ശാസ്ത്രാഭിമുഖ്യം വളർത്തുക<br><u>ഉപലക്ഷ്യം</u><br>a. പ്രകൃതി നിരീക്ഷണത്തിൽ താല്പര്യം ജനിപ്പിക്കുക<br>b.പ്രകൃതി പ്രതിഭാസങ്ങളെ നിരീക്ഷണ വിധേയ മാക്കുക<br>c.നിരീക്ഷിച്ച കാര്യങ്ങളെ പട്ടികപ്പെടുത്താനും വർഗ്ഗീകരിക്കാനുമുള്ള കഴിവ് നേടുന്നു<br>d.പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനും നിർവഹിക്കുന്നതിനുമുള്ള കഴിവ് | Pretest<br>ഫീൽഡ് ട്രിപ്പ്<br><u>മഴ നടത്തം</u><br>ഭൂപട നിർമ്മാണം<br>ശാസ്ത്രസെമിനാർ<br>ചങ്ങാതി മരം<br>ശാസ്ത്ര ക്വിസ്<br>നിരീക്ഷണക്കുറിപ്പ് തയ്യാറാക്കുന്നു<br>തരം തിരിക്കൽ<br>പട്ടികപ്പെടുത്തൽ ശേഖരണം<br>പ്രോജക്ട് റിപ്പോർട്ട് | 6 മാസം | Teacher, SRG BRC Presents | 1 lakh |
| 2.ലഘു പരീക്ഷണത്തിലൂടെ നൂതന കണ്ടുപിടുത്തത്തിലേക്ക് നയിക്കുന്നു.<br><u>ഉപലക്ഷ്യങ്ങൾ</u><br>a.പരീക്ഷണങ്ങളിൽ ഏർപ്പെടാനുള്ള താല്പര്യം വർദ്ധിപ്പിക്കുക.<br>b.അനുയോജ്യമായ പരീക്ഷണ സാമഗ്രികൾ തെരഞ്ഞെടുക്കാനും പരീക്ഷണത്തിലേർപ്പെടാനുമുള്ള കഴിവുണ്ടാക്കുക<br>c.പ്രകൃതിയും ശാസ്ത്രവുമായുള്ള ബന്ധം പരീക്ഷണങ്ങളിലൂടെ ഉറപ്പിക്കുക | എന്റെ പരീക്ഷണശാല<br>ശാസ്ത്ര മാസികകൾ<br>സാധ്യതകൾ<br>ശാസ്ത്രദിനാചരണങ്ങൾ<br>ക്ലാസ്സിലൊരു പരീക്ഷണശാല<br>ക്ലാസ്സിലൊരു പരീക്ഷണശാല | 5 വർഷം | Teacher Parents SRG | 25000 |

**മേഖല : അക്കാദമികം** **ഉപമേഖല : ഇംഗ്ലീഷ്**

| ലക്ഷ്യങ്ങൾ/ ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷ (English)<br><br>1. Develop Listening and speaking ability | Sweet English<br>. watch and listen, English programme from radio, Tv, interent | 4 years | PTA Managment Panchayath, MLA, MP | 1 lakh |
| 2. Increase Communicative Skill | . Listen and tell stories<br>. English games<br>. Action songs<br>. Choreography<br>. skit | 1-5 years | PTA BRC Resource persons | 50,000 |
| 3.Improving Reading | . Add more lines to r hymes<br>. conversation<br>. small stories and a rhymes picture reading<br><br>word sentence cards<br>small library<br>letter cut out game | 6 moths | PTA SRG Class Teacher old stu-dents | 15000 |

**മേഖല : അക്കാദമികം** **ഉപമേഖല : കലാ വിദ്യാഭ്യാസം**

| ലക്ഷ്യങ്ങൾ/ ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| <u>കലാ വിദ്യാഭ്യാസം</u><br><u>ലക്ഷ്യം</u><br>1.കുട്ടികളിലെ കലാവാസനയെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക<br><u>ഉപലക്ഷ്യങ്ങൾ</u><br>a. കുട്ടികളിലെ കലാവാസനകൾ കണ്ടെത്തുക<br>b.കലാപരമായ കഴിവുകളുള്ളവർക്ക് പരിശീലനവും പ്രോത്സാഹനവും നൽകുക<br>c.പഠനപ്രവർത്തനങ്ങളുമായി ബന്ധിപ്പിച്ച് അവതരിപ്പിക്കാനുള്ള അവസരം<br>d.പ്രതിഭകളെ കണ്ടെത്തിആദരിക്കുന്നതിനും ആമേഖലയിൽ അവരെ പ്രാവീണ്യമുള്ള വരുമാക്കുന്നതിനുവേണ്ട പരിശീലനം നൽകുക<br>2.ലഘു പരീക്ഷണത്തിലൂടെ നൂതന കണ്ടുപിടുത്തത്തിലേക്ക് നയിക്കുന്നു. | <u>ബാലസഭകൾ</u><br>അസംബ്ലി<br>ക്ലാസ്സ് PTA<br>സ്ക്കൂൾ തല കലോത്സവങ്ങൾ/ ജില്ലാ/സംസ്ഥാനതലകലോത്സവങ്ങൾ<br>സാഹിത്യ മത്സരങ്ങൾ<br>വിദ്യാരംഗം കലാസാഹിത്യവേദി<br>നാടൻ പാട്ട് പരിശീലനം<br>വിവിധ കലകളുടെ പരിശീലനം<br>പതിപ്പുകൾ<br>സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>ദൃശ്യ ശ്രാവ്യ മാധ്യമങ്ങളുടെ ഉപയോഗം | 6 മാസം | PTA SRG CPTA | 50,000 |

**മേഖല : അക്കാദമികം** **ഉപമേഖല : കായിക വിദ്യാഭ്യാസം**

| ലക്ഷ്യങ്ങൾ/ ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **കായിക വിദ്യാഭ്യാസം**<br>**ലക്ഷ്യം**<br>1.ആരോഗ്യമുള്ള ഒരു തല മുറയെ വാർത്തെടുക്കുക<br>**ഉപലക്ഷ്യങ്ങൾ**<br>a. വ്യക്തി ശുചിത്വത്തിലൂടെ ശുചിത്വമുള്ള സമൂഹത്തെ വാർത്തെടുക്കുക<br>b.കായിക പരിശീലനത്തിലൂടെ ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കുക<br>c.പ്രഥമ ശുശ്രൂഷ കളെപ്പറ്റി ബോധവാന്മാരാക്കുക<br>d.വിവിധ കായിക ഇനങ്ങളി ലുള്ള കഴിവ് കണ്ടെത്തി കുട്ടി കൾക്ക് ആ ഇനങ്ങളിൽ പരിശീ ലനം നൽകുക | സ്കൂൾ അസംബ്ലി<br>PT<br>യോഗ<br>സ്കൂൾ ഉപജില്ലാ ജില്ലാ സംസ്ഥാന തല കായിക മേളകൾ | 4 വർഷം | PTA SRG CPTA | 10000 |

# ഭൗതീക സാഹചര്യം (ദീർഘകാലം)

## സാമ്പത്തികം MLA, MP പഞ്ചായത്ത്, പൂർവ്വ വിദ്യാർത്ഥി സംഘങ്ങൾ

1. എല്ലാ ക്ലാസ്സ് മുറികളും സ്മാർട്ട് ക്ലാസ് മുറികളാക്കുക
2. കുട്ടികൾക്ക് ഇരുന്ന് വായിക്കാൻ സൗകര്യ പ്രദമായ ലൈബ്രറി
3. കളിസ്ഥലം ആധുനിക വൽക്കരിക്കുക (കോർട്ടുകൾ ഉൾപ്പെടെ)
4. ഉച്ചഭക്ഷണത്തിനുള്ള ഭക്ഷണശാല
5. വരാന്ത കൂടി പഠന പ്രവർത്തനങ്ങൾക്ക് ഉപയുക്തമാക്കുക
6. ഒഴിവു സമയം വ്യത്യസ്ത പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ തക്ക വിധത്തിൽ അസംബ്ലി ഹാൾ
7. ശുദ്ധ ജലം ക്ലാസ്സ്, മുറിയിൽ ലഭ്യമാക്കുക
8. ഓരോ കുട്ടിക്കും ഒരു മേശയും കസേരയും എന്ന രീതിയിൽ ഇരിപ്പിടങ്ങൾ
9. കൂടുതൽ ശുചിമുറികൾ നിർമ്മിക്കുക
10. പ്രത്യേക ക്ലാസ്സുകൾക്ക് അനുയോജ്യമായ ലാബ് സൗകര്യങ്ങൾ
11. പ്രത്യേക പരിഗണന അർഹിക്കുകന്ന കുട്ടികൾക്കായി പരിശീലനം നേടിയ അധ്യാപകരെ നിയമിക്കുക

## ഹ്രസ്വകാലം

1. സയൻസ് കോർണറുകൾ
2. രണ്ടുസെറ്റ് പാഠ പുസ്തകങ്ങൾ
3. പ്രൊജക്ടർ
4. wifi
5. കായിക ഉപകരണങ്ങൾ ലഭ്യമാക്കുക
6. കലകളുടെ പഠനത്തിന് ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുക
7. കലാകായിക ഇനങ്ങളിൽ പരിശീലനം നൽകാൻ പ്രഗത്ഭരുടെ സേവനം

# യു. പി / എച്ച്. എസ്. തലം

## മേഖല : അക്കാദമികം                ഉപമേഖല : ശാസ്ത്രം

**ലക്ഷ്യം:– പൊതുവിജ്ഞാനം വർദ്ധിപ്പിക്കൽ**

| ലക്ഷ്യങ്ങൾ/ ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • കുട്ടികളിൽ വായന പ്രോത്സാഹിപ്പിക്കൽ<br>• എല്ലാ കുട്ടികളെയും ഈ പരിപാടിയിൽ പങ്കെടുപ്പിക്കൽ<br>• വർഷാവസാനം എല്ലാ കുട്ടികൾക്കും സ്വന്തമായി ഒരു പൊതുവിജ്ഞാന പുസ്തകം | വിജ്ഞാനകൈരളി<br>എല്ലാ ദിവസവും രാവിലെ 10 ചോദ്യങ്ങൾ വീതം ഓരോ കുട്ടി തയാറാക്കി ക്ലാസിൽ അവതരിപ്പിക്കുന്ന (5ചോദ്യം തലേ ദിവസത്തെ പത്രത്തിൽ നിന്നുള്ളതാവണം)<br>എല്ലാ കുട്ടികളും ചോദ്യങ്ങളും ഉത്തരങ്ങളും ബുക്കിൽ രേഖപ്പെടുത്തുന്നു<br>ചോദ്യകർത്താവ് ഉത്തരങ്ങൾ അവതരിപ്പിക്കുന്നു<br>ദിവസവും ഈ പ്രവർത്തനം തുടരുന്നു<br>വർഷാവസാനം ഓരോ ക്ലാസിൽ നിന്നും ഏറ്റവും കൂടുതൽ പോയിന്റ് കിട്ടിയ കുട്ടികൾക്കായി പ്രത്യേക മത്സരം നടത്തി വിജയികളെ അസംബ്ലിയിൽ അനുമോദിക്കുന്നു | ഒരു വർഷം | ക്ലാസ അദ്ധ്യാപകർ കുട്ടികൾ | Rs. 1000/- |

**മേഖല : അക്കാദമികം** **ഉപമേഖല : ഗണിതം യു. പി. തലം**

**ലക്ഷ്യം:– U.P തലത്തിൽ ഗണിത പഠനം അനായാസകരമാക്കുക**

| ലക്ഷ്യങ്ങൾ/<br>ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1.ഗണിത മേഖലയിലെ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഗണിതം മധുരം<br>(പ്രീടെസ്റ്റ്കുട്ടികളുടെ നിലവാരം വിലയിരുത്തൽ)<br>(സംഖ്യാ ബോധം, സ്ഥാനവില, ചതുഷ് ക്രിയ)<br>- പരിഹാര ബോധന പ്രവർത്തനങ്ങൾ<br>- സംഖ്യാകാർഡുകൾ<br>- സ്ഥാനവില പോക്കറ്റ്<br>- അബാക്കസ്<br>- സംഖ്യാവ്യാഖ്യാനം<br>- ആരോഹണക്രമം<br>- അവരോഹണക്രമം<br>- തുക, വ്യത്യാസം<br>- മടങ്ങ്, ഭാഗം<br>- പ്രായോഗിക പ്രശ്നങ്ങളുടെ നിർധാരണം | ഹ്രസ്വകാലം | അദ്ധ്യാപിക | Teacher Grant |
| 2.ഗണിത പഠനം ലളിതവും രസകരവുമാക്കുക | <u>പ്രവർത്തനം– ഗണിതം മധുരം</u><br>- ചാർട്ടുകൾ തയ്യാറാക്കുന്നു<br>(നമ്പർ, പാറ്റേൺ. പട്ടികകൾ)<br>സൂത്രവാക്യങ്ങൾ, ബഹുഭുജങ്ങൾ<br>ഭിന്നരൂപങ്ങൾ, വൃത്തങ്ങൾ<br>- ഗണിത ക്വിസ്- ക്ലാസ് തലം<br>- ഗണിത പസിലുകൾ (' ')<br>- ഗണിതഡയറി<br>- പഠനോപകരണനിർമ്മാണം | മധ്യകാലം | അദ്ധ്യാപിക<br>PTA | Teacher Grant |
| 3.കുട്ടികളിൽ ഗണിതാഭിരുചി വളർത്തുക | <u>ഗണിതലാബ്</u>- ഗണിതപഠനം പ്രക്രിയ കളിലൂടെ സാധ്യമാക്കുന്നതിന് ഗണിതലാബ് സജ്ജീകരണം<br>ഗണിതലൈബ്രറി- ഗണിതശാസ്ത്രത്തിലെ ആധികാരിക ഗ്രന്ഥങ്ങൾ ശാസ്ത്രജ്ഞന്മാരുടെ ചിത്രങ്ങൾ ഇവ ഉൾക്കൊള്ളിച്ചുള്ള ഗണിത ലൈബ്രറി<br>**ഗണിത ക്ലബ്ബ് :-** | ദീർഘകാലം<br>ദീർഘകാലം | ഗണിതാധ്യാപകർ, സ്കൂൾ മാനേജ് മെന്റ് പൂർവ്വവിദ്യാർത്ഥികൾ പഞ്ചായത്ത് | |
| 4.ഗണിതപഠനത്തിന് ICT പരമാവധി ഉപയോഗപ്പെടുത്തുക | - ഗണിത വേളകൾ<br>- മെട്രിക് മേള<br>- ഗണിത മാസിക<br>- ഒറിഗാമി- നിർമ്മാണം<br>- ദിനാചരണങ്ങൾ (സ്കൂൾതലം)<br>- പഠനോപകരണനിർമ്മാണം<br>- ക്വിസ് കോമ്പറ്റീഷൻ (സ്കൂൾതലം) | മധ്യകാലം | ഗണിത അധ്യാപകർ PTA BRC പഞ്ചായത്ത് | |

**മേഖല : അക്കാദമികം** **ഉപമേഖല : സംസ്കൃതം UPതലം**

**ലക്ഷ്യം:- എല്ലാ കുട്ടികൾക്കും സംസ്കൃതം എഴുതുവാനും വായിക്കുവാനുമുള്ള പരിശീലനം**

| ലക്ഷ്യങ്ങൾ/ ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1.എല്ലാ കുട്ടികൾക്കും സംസ്കൃതം എഴുതുവാനും വായിക്കാനും പരിശീലനം നൽകുക<br><br>2.കുട്ടിയെ മികച്ച വായനക്കാരാക്കുന്നു | **സംസ്കൃത വാണി**<br>അക്ഷരത്തെറ്റ് കൂടാതെ വായനയിലേക്ക് കൊണ്ടു വരുന്നു<br><br>**സംസ്കൃതം അസംബ്ലികൾ**<br><br>കുട്ടികൾ നയിക്കുന്ന അസംബ്ലികൾ<br><br>: വായനാമൂല<br>: **സംസ്കൃത പത്രവായന**<br>: **ലൈബ്രറിയിൽ സംസ്കൃതപുസ്തകങ്ങൾ**<br>: **സംസ്കൃതവായനാമത്സരം**<br>:ആസ്വാദനക്കുറിപ്പുകൾ | മധ്യകാലം<br><br>മധ്യകാലം | അധ്യാപിക<br><br>അധ്യാപിക<br>പി. ടി. ഐ | Rs. 2000/- |

**മേഖല : അക്കാദമികം** **ഉപമേഖല : ഇംഗ്ലീഷ് UPതലം**

**ലക്ഷ്യം:- ഭാഷാപരകമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ**

| ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1.വായന<br>ഉച്ചാരണം<br>അക്ഷരത്തെറ്റില്ലാതെ എഴുതുക<br>ചിഹ്നങ്ങളുടെ ഉപയോഗം | Hello English<br>word game<br>അക്ഷരം ഉറപ്പിക്കൽ<br>ഒരു അക്ഷരത്തിൽ നിന്ന് ധാരാളം വാക്കുകൾ നിർമ്മിക്കുക<br>ചിത്രങ്ങൾ ഉപയോഗിച്ച് വാക്കുകൾ നിർമ്മിക്കുക Sentence ഉണ്ടാക്കുക പത്രവായനയ്ക്ക് മുൻഗണം വാർത്തകൾ കേൾക്കാനുള്ള അവസരം വായനാക്കുറിപ്പ് തയ്യാറാക്കൽ | Short Term | അധ്യാപിക<br>PTA | Rs.1000 |

**ലക്ഷ്യം:– ഇംഗ്ലീഷ് അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരം**

| ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് വായിക്കുന്നതിൽ കൂടുതൽ താല്പര്യം ജനിപ്പിക്കുന്നതിന് വ്യത്യസ്ത ആശയവിനിമയ സന്ദർഭങ്ങൾ ഒരുക്കുക | **<u>Talent English</u>**<br>പാഠഭാഗവുമായി ബന്ധപ്പെട്ട് കഥാഭാഗങ്ങൾ കണ്ടെത്തൽ<br>കഥാവായനയ്ക്കായി കഥാപുസ്തകങ്ങൾ നൽകൽ ,കഥകൾ അവതരിപ്പിക്കുക വ്യത്യസ്തതന്ത്രങ്ങളിലൂടെ (Script Drama etc)<br>അവതരണം<br>ഇംഗ്ലീഷ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ലൈബ്രറി സൗകര്യം ഉപയോഗിപ്പെടുത്തി കഥാവായന, കവിതാവായന, ഇംഗ്ലീഷ് പത്രവായന ഇവയ്ക്ക് അവസരമൊരുക്കുക. | Long term | അദ്ധ്യാപിക | Teachers Grant |

**ലക്ഷ്യം:– ഇംഗ്ലീഷ് ഭാഷയുമായുള്ള അടുപ്പം**

| ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് അനായാസം കൈകാര്യം ചെയ്യാൻ സാധിക്കുക<br>ഇംഗ്ലീഷ് ഭാഷയോടുള്ള ഭയം മാറ്റുക<br>മികച്ച ഭാഷണരീതി പരിചയപ്പെടുക | **Speech English**<br>ആഡിയോ വീഡിയോ സംവിധാനങ്ങൾ ഉപയോഗിച്ച് വ്യത്യസ്ത സ്പീക്കിംഗ് അനുഭവങ്ങൾ നൽക്കുക<br>English New speech, Interivews etc public Speaking ഇംഗ്ലീഷ് അസംബ്ളികൾ ആഴ്ച തോറും സംഘടിപ്പിക്കുക | Long term | അദ്ധ്യാപിക | Teachers Grant |

## U Pതലം

മേഖല: അക്കാദമികം ഉപമേഖല — സോഷ്യൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അവകാശാധിഷ്ഠിത വിദ്യാലയം എന്ന ലക്ഷ്യം നേടുന്നതിനുള്ള സമഗ്രമായ സ്കൂൾ വികസനം നടപ്പിലാക്കുക | ക്ലാസ് എക്സിബിഷൻ<br>കാഴ്ച - 2018<br>5,6,7 ക്ലാസുകളിൽ പാഠഭാഗവുമായി ബന്ധപ്പെട്ട് ക്ലാസിൽ നടക്കുന്ന പ്രവർത്തനങ്ങളുടെ ഉത്പന്നങ്ങൾ പ്രദർശിപ്പിക്കൽ<br>- ക്വിസ്<br>- പ്രദർശനങ്ങൾ<br>- ശേഖരണം, മോഡൽസ്<br>- പ്രസംഗം<br>നാടകങ്ങൾ, സ്കിറ്റ് | ഹ്രസ്വകാലം | അധ്യാപിക<br>പൂർവ്വവിദ്യാർത്ഥികൾ | Teachers Grant |
| ശേഷികളും മനോഭാവങ്ങളും മൂല്യങ്ങളും വളർത്തുക<br><br>സംഘബോധം സഹകരണ മനോഭാവം സഹിഷ്ണുത ജനാധിപത്യബോധം വിമർശ്ചിന്ത, പ്രതികരണശേഷി എന്നിവ വികസിപ്പിക്കുന്നതിനാവശ്യമായ പഠനാനുഭവങ്ങൾ നൽകുക | ഡിജിറ്റൽ ആൽബം<br>5.പ്രപഞ്ചം എന്ന മഹാത്ഭുതം<br>6.വൈവിധ്യങ്ങളുടെ ലോകം<br>7. യൂറോപ്പ് പരിവർത്തനത്തിന്റെ പാതയിൽ<br>വ്യക്തിഗതമായി ആൽബം തയാറാക്കുന്നു | | | |
| | സെമിനാർ<br>സാമൂഹ്യശാസ്ത്ര പഠനവും മാറ്റങ്ങളും<br>5,6,7, ക്ലാസ് റൂമിലെ സാമൂഹ്യപ്രസക്തിയുള്ള വിഷയങ്ങൾ | ഹ്രസ്വകാലം | അധ്യാപിക | PTA |
| | വിഷയങ്ങൾ മുൻകൂടി നൽകൽ<br>വിവരങ്ങൾ ശേഖരിക്കൽ<br>അവതരണം - ചർച്ച<br>പ്രതികരണ പ്രവർത്തനങ്ങളിൽ ഏർപ്പെടൽ | ഹ്രസ്വകാലം | അധ്യാപിക | Teachers Grant |

അക്കാദമിക മാസ്റ്റർ പ്ലാൻ

മലയാളം യു.പി. വിഭാഗം

| ലക്ഷ്യം /ഉപലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല സാമ്പത്തികം | |
|---|---|---|---|---|
| മലയാള ഭാഷാപഠനത്തിലെ അടിസ്ഥാനാശയങ്ങളും ശേഷികളും ആർജ്ജിക്കുന്നതിൽ നേരിട്ടിട്ടുള്ള പോരായ്മകൾ പരിഹരിക്കൽ<br><br>**ഉപലക്ഷ്യങ്ങൾ**<br>• ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ<br>• ചിഹ്നങ്ങൾ ചേർത്തെഴുതാനുള്ള പരിശീലനം നൽകൽ<br><br>മാതൃഭാഷാ പ്രയോഗത്തിൽ പിന്നാക്കം നിൽക്കുന്നവരിൽ മികവ് ഉണ്ടാക്കുക | **അക്ഷര മധുരം**<br>*അക്ഷരം പരിചയപ്പെടൽ<br>*അക്ഷരം ഉറപ്പിക്കൽ<br>*അക്ഷരകാർഡ് നൽകി വാക്കുകൾ ഉണ്ടാക്കൽ<br>ചിഹ്നങ്ങൾ ചേർന്നുവരുന്ന വാക്കുകൾ പരിചയപ്പെടൽ<br>ചിഹ്നങ്ങൾ ചേർക്കാതെ വാക്കുകൾ നൽകി ഉചിതമായി വാക്കുകൾ ചിഹ്നങ്ങൾ ചേർത്ത് പൂരിപ്പിക്കൽ | 6 മാസം | ടീച്ചർ | ടീച്ചർ ഗ്രാന്റ് |
| **2. ലക്ഷ്യം**<br><br>കുട്ടികളിൽ ഉച്ചാരണശുദ്ധിയോടെ അർഥപൂർണമായ വായന ഉറപ്പിക്കുന്നു<br><br>**ഉപലക്ഷ്യം**<br><br>വായനക്കൂട്ടം രൂപീകരിക്കൽ<br>അക്ഷരത്തെറ്റുകൂടാതെ ഉച്ചാരണ ശുദ്ധിയോടെ വായിക്കാൻ പിന്തുണ നൽകൽ | **വാക്യരൂപീകരണം**<br>ചിത്രങ്ങൾ വ്യക്തികൾ എന്നിങ്ങനെ ഇഷ്ട വിഷയം തിരഞ്ഞെടുത്ത് വാക്യങ്ങൾ രൂപീകരിക്കുന്നു മെച്ചപ്പെട്ട വാക്യരൂപങ്ങൾ പരിചയപ്പെടുന്നു.<br><br>**വായനക്കൂട്ടം**<br>ക്ലാസിലെ കുട്ടികളെ ഉൾപ്പെടുത്തി വായനക്കൂട്ടം രൂപീകരിക്കൽ<br><br>**വായന മത്സരം**<br>പാഠ പുസ്തകം, പത്രം, എന്നിവ ഉച്ചാരണ ശുദ്ധിയോടെ വായിക്കുന്നു | | ടീച്ചർ | |

| ലക്ഷ്യം /ഉപലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ചുമതല സാമ്പത്തികം | |
|---|---|---|---|---|
| മലയാള സാഹിത്യ രചനകൾ വായിക്കാനുള്ള താല്പര്യം ജനിപ്പിക്കുക | ആഴ്ചയിലൊരു പുസ്തകം വായിച്ച് വായനാനുഭവം പങ്കുവയ്ക്കുന്നു<br>വായന ക്കുറിപ്പ് തയ്യാറാക്കി പതിപ്പുകൾ തയാറാക്കുന്നു<br>സ്കൂൾ ലൈബ്രറി മെച്ചപ്പെടുത്തുന്നു ഭാവം ഉൾക്കൊണ്ട് കഥകൾ വായിക്കുന്നു | 1 വർഷം | | P.T.A പൂർവ്വവിദ്യാർത്ഥികൾ |
| **3. ലക്ഷ്യം**<br>മലയാള ഭാഷയിൽ മികച്ച എഴുത്തുകാരനായി കുട്ടിയെ മാറ്റുക<br>**ഉപലക്ഷ്യം**<br>മലയാള ഭാഷാവ്യവഹാരരൂപങ്ങൾ പ്രസംഗം പ്രഭാഷണം ഉപന്യാസം എന്നിവ എഴുതാനുള്ള ശേഷി ആർജ്ജിക്കൽ | **എഴുത്താണി**<br>ചിത്രങ്ങൾക്ക് അടിക്കുറുപ്പ് നൽകൽ സൂചനകൾ, വായിച്ചപുസ്തകങ്ങൾ എന്നിവയിലൂടെ വിവിധ വ്യവഹാര രൂപങ്ങൾ, വർണ്ണന, കവിത, കഥ മുതലായ സർഗാത്മകരചനകൾ എന്നിവയിലുള്ള താല്പര്യം, രചനാശേഷി എന്നിവ നേടുന്നു. | | | |
| കഥാരചന | **കഥാപൂരണം**<br>സൂചനകളിൽ നിന്നും കഥ വികസിപ്പിക്കൽ കവിതകൾ രചിക്കൽ | | | |
| 4. കവിതകൾ, ഈണത്തിലും സ്ഫുടമായും ഐടിസാധ്യത ഉപയോഗിച്ച് കേൾക്കാനും ക്ലാസിക് കലകൾ കാണാനും അവസരം ലഭിക്കുന്നു. | **മലയാളം ദൃശ്യമാധ്യമങ്ങളിലൂടെ**<br>ICT സാധ്യത ഉപയോഗിച്ച് പാഠ ഭാഗവുമായി ബന്ധപ്പെട്ട നാടൻ കലാരൂപങ്ങൾ കവിതകൾ, നാടകം എന്നിവ കാണാനും ആസ്വദിക്കാനും ആവശ്യമായസൗകര്യം ലഭ്യമാക്കാൻ U.P വിഭാഗത്തിൽ ഒരു ക്ലാസെങ്കിലും സ്മാർട്ട് ക്ലാസ് ആക്കുക | 2 വർഷം | ടീച്ചർ P.T.A | |

മേഖല : അക്കാദമികം

ഉപമേഖല : ശാസ്ത്രം

ലക്ഷ്യം : രക്തദാനത്തിന്റെ മാഹാത്മ്യം സമൂഹത്തിലേക്ക് എത്തിക്കുക.

| ഉപലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| രക്തദാനത്തിന്റെ മാഹാത്മ്യം സമൂഹത്തിലെത്തിച്ച് രക്തദാനസേന രൂപീകരിക്കണം | <u>രക്തദാനം മഹാദാനം</u><br>• രക്തദാന ദിനാചരണം<br>• അസംബ്ലി<br>• കുട്ടികൾ പരമാവധി ആളുകളുടെ രക്തഗ്രൂപ്പുകൾ ശേഖരിക്കുന്നു<br>• ഗ്രൂപ്പടിസ്ഥാനത്തിൽ ആളുകളെ തരംതിരിക്കുന്നു<br>• PHC യുടെ ആഭിമുഖ്യത്തിൽ രക്തദാനമാഹാത്മ്യം ബോധവൽക്കരണ പരിപാടി<br>• ഹെൽത്ത് ക്ലബ്ബ് അംഗങ്ങൾ രക്തദാനത്തിന് താൽപ്പര്യമുള്ളആളുകളുടെ പേരും രക്തഗ്രൂപ്പും അടങ്ങിയ പട്ടിക PHC-യ്ക്ക് സമർപ്പിക്കുന്നു. | ഒരുമാസം | അദ്ധ്യാപകൻ ഹെൽത്ത് ക്ലബ്ബ്, PHC, PTA | Rs. 2000 |

ലക്ഷ്യം : സ്കൂൾ ക്യാമ്പസ് ലഹരിവിമുക്തമാക്കുക.

| ഉപലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പുകയില ലഹരി വിരുദ്ധ പ്രവർത്തന ങ്ങളിൽ കുട്ടികളെ പങ്കാളികളാക്കുക. | <u>ജാഗ്രത</u><br>• പുകയില വിരുദ്ധദിനാചരണം.<br>• ഹെൽത്ത് ക്ലബ്ബംഗങ്ങൾ<br>• കുട്ടികൾക്കിടയിൽ സർവ്വേ നടത്തുന്നതിനുള്ള ചോദ്യാവലി തായാറാക്കൽ<br>• എല്ലാ ക്ലാസ്സുകളിലും സർവ്വേ<br>• ലഹരി/പുകയില ഉപയോഗിക്കുന്ന കുട്ടികളെയും/രക്ഷിതക്കളുടെയും കണ്ടെത്തുന്നു<br>• ബോധവൽക്കരണ ക്ലാസ് കുട്ടി കൾക്കും/രക്ഷിതാക്കൾക്കും.<br>• റാലി<br>• ലഘുലേഖ തായാറാക്കൽ<br>• വിതരണം | 6 മാസം | അദ്ധ്യാപകൻ<br>പി. ടി. എ<br>പൂർവ്വ വിദ്യാർത്ഥികൾ<br>S. P. C | Rs. 5000 |

**മേഖല : അക്കാദമികം** **ഉപമേഖല : ശാസ്ത്രം**

**ലക്ഷ്യം :ശാസ്ത്രനാടകങ്ങളിലൂടെ കുട്ടികളിൽ ശാസ്ത്രഭിരുചി വളർത്തുന്നു.**

| ഉപലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പാഠഭാഗങ്ങളിലെ ശാസ്ത്രാശയങ്ങൾ ലഘുനാടകരൂപ ത്തിൽ അവതരി പ്പിച്ച് ശാസ്ത്രാശയ ങ്ങൾ കുട്ടികൾക്ക് പെട്ടെന്ന് മനസ്സിലാ ക്കാൻ സാധി ക്കുന്നു. | <u>ശാസ്ത്രനാടകക്കളരി</u><br>• നാടകത്തിന് പറ്റിയ പാഠ ഭാഗങ്ങൾ കണ്ടെത്തുന്നു.<br>• കൂടുതൽ വിവരങ്ങൾ പാഠ ഭാഗത്തിന് പുറത്തുനിന്ന് കണ്ടെത്തുന്നു. | 6 മാസം | അദ്ധ്യാപകൻ<br>പി. റ്റി. എ<br>പൂർവ്വ വിദ്യാർത്ഥി കൾ<br>S. P. C | Rs. 5000 |

**മേഖല : ഭൗതികം** **ഉപമേഖല : ശാസ്ത്രം**

**ലക്ഷ്യം : സ്കൂൾലാബുകളുടെ നവീകരണം ഉറപ്പാക്കുക.**

| ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ➢ ലാബിലേക്കുവേണ്ട സാധനങ്ങൾ ശേഖരിച്ച് ലാബ് നവീകരിക്കുക.<br>➢ ലാബിലെ സാമഗ്രികൾ അനുയോജ്യമായ രീതിയിൽ ക്രമീകരിക്കുക<br>➢ പരീക്ഷണങ്ങൾ ലാബിൽതന്നെ ചെയ്യുവാനുള്ള ക്രമീകരണം ചെയ്യുക. | <u>ശാസ്ത്രപഠനം ലാബിലേക്ക്</u><br>❖ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട സാമഗ്രികൾ പട്ടികപ്പെടുത്തുക<br>❖ ലാബിലെ സാമഗ്രികളുടെ പേരുകൾ എഴുതി ഒട്ടിക്കുക.<br>❖ ലാബിലില്ലാത്ത സാമഗ്രികൾ കണ്ടെത്തുക.<br>❖ സാമഗ്രികൾ സൂക്ഷിക്കാനുള്ള സജ്ജീകരണങ്ങൾ (അലമാര, ഷെൽഫുകൾ) ഒരുക്കുക.<br>❖ ശാസ്ത്രജ്ഞന്മാരുടെ ചിത്രങ്ങൾ ശേഖരിക്കുക.<br>❖ പരീക്ഷണങ്ങൾ ചെയ്യുവാനുള്ള വലിയ മേശ, കുട്ടികൾക്ക് ഇരിക്കുവാനുള്ള കസേരകൾ, വാഷ്ബേസിൻ ഇവ ലാബിൽ സജ്ജീകരിക്കുക. | ഒരുവർഷം | അദ്ധ്യാപകർ, പി.ടി.എ, മാനേജ്മെന്റ്, പൂർവ്വ വിദ്യാർത്ഥികൾ, | Rs. 50,000 |

**മേഖല : അക്കാദമികം** **ഉപമേഖല : ശാസ്ത്രം**

**ലക്ഷ്യം : മാലിന്യരഹിത വിദ്യാലയം.**

| ഉപലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
